# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 527 — 01.12.2015 ൽ മറുപടിയ്ക്ക്

## സംസ്ഥാന -ജില്ലാ സഹകരണ ബാങ്കുകളുടെ ഓഹരി മൂലധനം

**ചോദ്യം**

ശ്രീ.കോലിയക്കോട്
എൻ. കൃഷ്ണൻ നായർ

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും നിലവിലുള്ള ഓഹരി മൂലധനം എത്രവീതമാണ്;

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും നിലവിലുള്ള ഓഹരി മൂലധനം 31.03.2015 ലെ ഓഡിറ്റ് ചെയ്ത കണക്ക് പ്രകാരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ലാ സഹകരണ ബാങ്കുകൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 4798.55 |
| 2 | കൊല്ലം | 7449.35 |
| 3 | പത്തനംതിട്ട | 4485.84 |
| 4 | ആലപ്പുഴ | 10069.56 |
| 5 | കോട്ടയം | 9685.49 |
| 6 | ഇടുക്കി | 12265.58 |
| 7 | എറണാകുളം | 2444.85 |
| 8 | തൃശ്ശൂർ | 8908.40 |
| 9 | പാലക്കാട് | 2772.60 |
| 10 | മലപ്പുറം | 7775.10 |
| 11 | കോഴിക്കോട് | 8538.31 |
| 12 | വയനാട് | 2391.29 |
| 13 | കണ്ണൂർ | 2438.56 |
| 14 | കാസറഗോഡ് | 2272.38 |
| 15 | കേരള സംസ്ഥാന സഹകരണ ബാങ്ക്. | 67873.80 |

(ബി) റിസർവ് ബാങ്ക് അംഗീകാരം ഇല്ലാത്ത ജില്ലാ സഹകരണ ബാങ്കുകൾ നിലവിലുണ്ടോ ; അവ ഏതൊക്കെ; അംഗീകാരം ലഭിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും 2016-17 ൽ റിസർവ് ബാങ്കിന്റെ അംഗീകാരം ലഭിക്കുന്നതിന് എന്തെല്ലാം നിബന്ധനകൾ ഇനിയും പാലിക്കേണ്ടതായിട്ടുണ്ട്; ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) 2017-18 ൽ റിസർവ് ബാങ്കിന്റെ അംഗീകാരം ലഭിക്കുന്നതിലേക്ക് സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും എന്തെല്ലാം നിബന്ധനകൾ ഏതെല്ലാം നിലയിൽ പാലിക്കേണ്ടതായിട്ടുണ്ട്; വിശദമാക്കാമോ?

(ബി) യും (സി) യും (ഡി) യും റിസർവ് ബാങ്ക് അംഗീകാരം ഇല്ലാത്ത ജില്ലാ സഹകരണ ബാങ്കുകൾ നിലവിൽ ഇല്ല. എന്നാൽ ജില്ലാ സഹകരണ ബാങ്കുകൾ 2014-15, 2016-17 വർഷങ്ങളിൽ യഥാക്രമം 7% ഉം 9% ഉം മൂലധന പര്യാപ്തത (CRAR) കൈവരിക്കണമെന്ന നിർദ്ദേശം റിസർവ് ബാങ്ക് നൽകിയിരുന്നു. നിശ്ചിത മൂലധന പര്യാപ്തത കൈവരിക്കുന്നതിനുള്ള സത്വര നടപടികൾ ബാങ്കുകൾ സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ